"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടനിർമ്മാണചട്ടം ലംഘിച്ച് നടക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമികാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിട്ട. ഓവർസീയർ ശ്രീ. അബ്ദുൾ ലത്തീഫ് വി.-ക്കെതിരെ (PEN-677133) സ്വീകരിച്ചുവരുന്ന അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2100/2025/LSGD തീയതി,തിരുവനന്തപുരം, 25-08-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 22.08.2019-ലെ E14-(PE3/2018/KKD) 42245/17 നമ്പർ കത്ത്
2. വിജിലൻസ്(ഡി) വകുപ്പിന്റെ 09.10.2019-ലെ വിജി-ഡി2/467/2019-വിജി നമ്പർ കത്ത്.
3. 22.06.2020-ലെ EW2/110/2019-LSGD നമ്പർ കുറ്റപത്രം / കുറ്റാരോപണ പത്രിക.
4. റിട്ട. ഓവർസീയർ ശ്രീ. അബ്ദുൾ ലത്തീഫ് വി. സമർപ്പിച്ച 02.11.2020-ലെ പ്രതിവാദപത്രിക
5. ചീഫ്എഞ്ചിനീയറുടെ 16.03.2022-ലെ ഇ12/8026/2020/സി.ഇ./ത.സ്വ.ഭ.വ നമ്പർ കത്ത്.
6. സ.ഉ.(സാധാ) നം.3105/2022/LSGD തീയതി 14.12.2022
7. 29.09.2023-ലെ A1/144/2021 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്
8. 22.06.2024-ലെ EW2/110/2019-LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്
9. റിട്ട. ഓവർസീയർ ശ്രീ. അബ്ദുൾ ലത്തീഫ് വി. സമർപ്പിച്ച 26.07.2024-ലെ പ്രതിവാദപത്രിക
10. സ.ഉ.(സാധാ) നം.1450/2024/തസ്വഭവ തീയതി 06.08.2024
11. പ്രിൻസിപ്പൽ ഡയറക്ടറുടെ 09.11.2024-ലെ LSGD/PD/58232/2023-VIGD6 നമ്പർ കത്ത്.

12. കേരള പബ്ളിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 24.06.2025-ലെ A1-1/55/2024-kpsc നമ്പർ കത്ത്

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടനിർമ്മാണചട്ടം ലംഘിച്ച് നടക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പ്രാഥമികാന്വേഷണം നടത്തുകയും പരാമർശം (1), (2) പ്രകാരം വിജിലൻസ് ഡയറക്ടർ വിജിലൻസ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. പ്രാഥമികാന്വേഷണത്തിൽ വിജിലൻസ് ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി:-

i. റോഡരികിൽ നിന്നും കെട്ടിടത്തിലേക്കുള്ള അകലം റോഡിന്റെ ഭാഗമായ ഡ്രെയിനേജ് ഉൾപ്പെടെ 2.80 മീറ്റർ മാത്രമെ ഉള്ളൂവെന്നതും നിയമാനുസൃതം ആവശ്യമായ 3 മീറ്റർ ഇല്ലായെന്നതും KPBR ചട്ടം 28(c) ലംഘനമാണ്.

ii. അംഗീകൃത പ്ലാനിന് വിരുദ്ധമായി ഒരു സ്റ്റെയർ കെയ്സ് കെട്ടിടത്തിന്റെ പിറകിലായി തെക്ക് പടിഞ്ഞാറ് ഭാഗത്ത് അതിരിനോട് ചേർന്ന് നിർമ്മിച്ചിട്ടുണ്ട്. ഇത് 2011-ലെ KPBR ചട്ടം 27(10) ന് വിരുദ്ധമാണ്.

iii. 2011 KPBR ചട്ടം 101, 102 അനുശാസിക്കും പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനങ്ങൾ നിർമ്മിച്ചിട്ടില്ല.

iv. ചട്ടം 38 അനുശാസിക്കും പ്രകാരമുള്ള പാർക്കിങ്ങ് സൗകര്യം സ്ഥാപിച്ചിട്ടില്ല.

v. സെപ്റ്റിക്ക്ടാങ്ക് സ്ഥാപിച്ചിരിക്കുന്നത് കെട്ടിടത്തിന്റെ പുറകുവശത്ത് അതിരിനോട് ചേർന്നാണ്.

vi. ഭിത്തികെട്ടി വേർതിരിക്കാതെയുള്ള ഹാളിന് ഒരു നമ്പർ അനുവദിക്കേണ്ടതിന് പകരം 17/161C, 17/161D, 17/161(E) എന്നിങ്ങനെ 3 നമ്പറുകൾ അനുവദിച്ചിട്ടുണ്ട്.

2. മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ പെരുവയൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.സുബീഷ് സി.എസ്. (PEN-490799), മുൻ ഓവർസീയർ ശ്രീ. അബ്ദുൾ ലത്തീഫ് വി. (PEN-677133) എന്നിവർക്കെതിരെ ശക്തമായ വകുപ്പുതലനടപടി സ്വീകരിക്കുന്നതിനുള്ള വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ ടിയാളുകൾക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയുള്ള അച്ചടക്കനടപടി ആരംഭിച്ച് പരാമർശം (3) പ്രകാരം കുറ്റപത്രം / കുറ്റാരോപണ പത്രിക നൽകുകയുണ്ടായി.

3. ചട്ടപ്രകാരമുള്ള നടപടിക്രമങ്ങളിൽ നിന്നും, പരാമർശ കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സുബീഷ് സി.എസ്. (PEN-490799) പെരുവയൽ ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടിയിലെ തുടർനടപടികളിൽ നിന്നും ടിയാളെ ഒഴിവാക്കിക്കൊണ്ട് പരാമർശം (10) പ്രകാരം ഉത്തരവായിരുന്നു.

4. മുൻ ഓവർസീയർ ശ്രീ. അബ്ദുൾ ലത്തീഫ് വി. പരാമർശം (4) പ്രകാരം

സമർപ്പിച്ച പ്രതിവാദപത്രികയിലെ വാദങ്ങൾ ചുവടെ ചേർക്കുന്നു:-

i. നിലവിൽ റോഡിന് 7.30/7.50 മീറ്റർ വീതി ഉണ്ടെന്നും പെർമിറ്റ് അനുവദിക്കുന്ന സമയത്ത് ഡ്രെയിനേജ് ഇല്ലായിരുന്നു.
ii. കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്ന സമയത്തോ ഗ്രൗണ്ട് ഫ്ലോറിന് ഒക്യൂപ്പെൻസി നൽകുന്ന സമയത്തോ സ്റ്റെയർകേസ് ഉണ്ടായിരുന്നില്ല. അതിന് ശേഷം കെട്ടിട ഉടമ സ്വന്തം ഇഷ്ടപ്രകാരം സ്റ്റെയർകേസ് നിർമ്മിച്ചതാണ്.
iii. കെട്ടിട നിർമ്മാണം പൂർത്തിയായിട്ടില്ല; പൂർണ ഒക്യൂപെൻസി അനുവദിക്കുന്നതിന് മുമ്പായി മാത്രമേ ഭൂഗർഭജല പോഷണ സംവിധാനം ഏർപ്പെടുത്തേണ്ടതുള്ളു.
iv. പരാമർശ കെട്ടിടത്തിന് 60-150 ച.മീറ്ററിന് ഒരു യൂണിറ്റും കോമേഴ്ഷ്യൽ സ്പേസ് 51.41 ച.മീറ്ററിന് ഒരു യൂണിറ്റും എന്ന നിലയിൽ 2 പാർക്കിംഗ് ആവശ്യമാണ്; എന്നാൽ നിലവിൽ 3 പാർക്കിംഗ് സൗകര്യം ലഭ്യമാണ്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്ലാൻ പ്രകാരം ആയത് സ്ഥലത്ത് ലഭ്യമാകുന്നതാണ്.
v. കെട്ടിടഉടമയുടെ സമ്മതപത്രം വാങ്ങിയാണ് സെപ്റ്റിക് ടാങ്ക് നിർമ്മാണം നടത്തിയിട്ടുള്ളത്.
vi. പെർമിറ്റ് പ്രകാരം 8 മുറികളാണുള്ളത്. മുൻഭാഗത്ത് 5 ഷോപ്പ് മുറികളും പിൻഭാഗത്ത് വീടുൾപ്പെടെ 3 നമ്പറുകൾ ഉൾപ്പെടെ 8 നമ്പറുകൾക്കാണ് ശിപാർശ ചെയ്തിട്ടുള്ളത്. കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ളത് റവന്യൂ വിഭാഗമാണ്.

5. പരാമർശം (5) പ്രകാരം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അഭിപ്രായക്കുറിപ്പിൽ, (i), (ii), (iii), (vi) എന്നീ ക്രമക്കേടുകൾ സംബന്ധിച്ച് മുൻ ഓവർസീയർ ശ്രീ. അബ്ദുൾ ലത്തീഫ് വി.-യുടെ വാദങ്ങൾ അംഗീകരിക്കാവുന്നതാണെന്നും എന്നാൽ പാർക്കിംഗ് സൗകര്യം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട്, സ്ഥലപരിശോധനയിൽ ചട്ടം 38 അനുശാസിക്കും പ്രകാരമുള്ള പാർക്കിംഗ് സൗകര്യം കാണുന്നില്ല എന്നും ടി ചട്ടലംഘനം നടന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് അതിരുകൾ രേഖപ്പെടുത്തിയ സർവേ സ്കെച്ച് പരിശോധിക്കേണ്ടതുണ്ടെന്നും സെപ്റ്റിക് ടാങ്ക് ചട്ടപ്രകാരമല്ല നിർമ്മിച്ചിരിക്കുന്നതെന്നും ഉടമയുടെ സമ്മതപത്രം മാത്രംമതി എന്നുള്ള ഓവർസിയറുടെ വാദം അംഗീകരിക്കാവുന്നതല്ലെന്നും ടിയാന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് സെക്രട്ടറി പെർമിറ്റും ഒക്യുപെൻസിയും നൽകിയിട്ടുള്ളതെന്നും അറിയിക്കുകയുണ്ടായി.

6. തുടർന്ന്, ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുകയും പരാമർശം (7) പ്രകാരം അന്വേഷണറിപ്പോർട്ട് ലഭ്യമാകുകയുമുണ്ടായി. ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥയുടെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു:-

i. ഫയൽ പരിശോധിച്ചതിൽ നിന്നും പെർമിറ്റ് ഫയലിലും ഒക്യുപെൻസി ഫയലിലും സൈറ്റ് പ്ലാൻ പ്രകാരം റോഡരികിൽ നിന്നും കെട്ടിടത്തിലേക്കുള്ള ദൂരം 3 മീറ്റർ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, സൈറ്റ് പരിശോധന നടത്തിയപ്പോൾ ബസ് സ്റ്റോപ്പിനോട് ചേർന്ന് കെട്ടിടത്തിന്റെ വടക്ക കിഴക്ക ഭാഗത്ത് ഡ്രൈനേജ് ഉൾപ്പെടെ 2.80 മീറ്റർ അളവാണ് കെട്ടിടത്തിലേക്കുള്ളത്. റോഡിന്റെ വീതി പലഭാഗത്തും

വ്യത്യസ്തമാണ്; കെട്ടിടത്തിന്റെ മുൻഭാഗത്ത് വീതി 7 മീറ്ററിൽ കുറവായാണ് കാണപ്പെടുന്നത്. സ്ഥലം സർവ്വേ ചെയ്യാൻ കൊടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ലെന്നാണ് സെക്രട്ടറിയിൽ നിന്നും അറിയാൻ കഴിഞ്ഞത്. എന്നിരുന്നാലും നിലവിലെ റോഡിന്റെ ഡ്രൈനേജ് അടക്കം 2.80 മീറ്റർ മാത്രമേ കെട്ടിടത്തിന് വടക്കുകിഴക്ക ഭാഗത്ത് ലഭ്യമായുള്ളൂ; റോഡിനുള്ള സ്ഥലം കെട്ടിടഉടമ നല്കിയതാണോ അല്ലയോ എന്ന് സ്ഥലം സർവ്വേ ചെയ്താൽ മാത്രമേ ബോധ്യപ്പെടുകയുള്ളൂ.

ii. അംഗീകൃത പ്ലാനിനു വിരുദ്ധമായി ഒരു സ്റ്റെയർകേയ്സ് കെട്ടിടത്തിന്റെ പിറകിലായി തെക്ക് പടിഞ്ഞാറ് ഭാഗത്ത് അതിരിനോട് ചേർന്ന് നിർമ്മിച്ചത് ഇപ്പോഴും അവിടെ കാണുന്നുണ്ട്; ആയത് KPBR ചട്ടം 27(10) 2011 ന് വിരുദ്ധമാണ്. ഒക്യുപ്പെൻസി നൽകുന്നതിനായി സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ സ്റ്റെയർകേയ്സ് കാണിക്കുകയോ ഓവർസീയർ ശിപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. സ്റ്റെയർ കേയ്സ് നിർമ്മാണം നടത്തിയത് ഒക്യുപ്പെൻസി നൽകുന്നതിന് മുൻപാണെന്ന് വ്യക്തമായി പറയാൻ സാധിക്കുകയില്ല.

iii. സൈറ്റ് പരിശോധനയിൽ ഇപ്പോഴും അവിടെ ഭൂഗർഭജല പോഷണ സംവിധാനങ്ങൾ നിർമ്മിച്ചിട്ടില്ല; പെർമ്മിറ്റ് പ്രകാരമുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ ഫസ്റ്റ് ഫ്ളോറിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് മാത്രമേ ഭൂഗർഭജല പോഷണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ സാധിക്കുകയുള്ളൂ. കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിന് മാത്രമാണ് കംപ്ലീഷൻ നൽകിയതെന്ന് ഫയൽ പരിശോധിച്ചതിൽ നിന്ന് മനസ്സിലാകുന്നു.

iv. സ്ഥല പരിശോധനയിൽ പാർക്കിംങ്ങ് സൗകര്യം ഏർപ്പെടുത്തിയതായി കാണുന്നില്ല.

v. സെപ്റ്റിക്ക് ടാങ്ക് സ്ഥാപിച്ചിരിക്കുന്നത് കെട്ടിടത്തിന്റെ പുറക് വശത്ത് അതിരിനോട് ചേർന്നാണ് എന്നത് സൈറ്റ് പരിശോധന പ്രകാരം ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്; ആയത് ചട്ടപ്രകാരമല്ല നിർമ്മിച്ചിരിക്കുന്നത്.

vi. ഒക്യുപൻസി നല്കുന്നതിനായി 8 നമ്പറുകൾ അനുവദിക്കുന്നതിനു വേണ്ടി ഓവർസീയർ ശിപാർശ ചെയ്തിട്ടുള്ളതാണ്; എന്നിരുന്നാലും കെട്ടിടം പരിശോധിച്ച് നമ്പർ നല്കുന്നത് റവന്യൂ വിഭാഗം ആണെന്നുള്ള ടിയാന്റെ വാദം അംഗീകരിക്കാവുന്നതാണ്.

6. അതേസമയം,മുൻ ഓവർസീയർ ശ്രീ. അബ്ദുൾ ലത്തീഫ് വി. 31.01.2022-ൽ സേവനത്തിൽ നിന്ന് വിരമിക്കുകയുണ്ടായി. തുടർന്ന്, ചട്ടപ്രകാരമുള്ള നടപടിക്രമത്തിന്റെ ഭാഗമായി മുൻ ഓവർസീയർ ശ്രീ. അബ്ദുൾ ലത്തീഫ് വി.-യെ 23.02.2024-ൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ അന്നത്തെ അണ്ടർസെക്രട്ടറി നേരിൽകേൾക്കുകയുണ്ടായി. നേരിൽ കേട്ടവേളയിൽ ടിയാൾ പ്രതിവാദ പത്രികയിലെ വാദങ്ങൾ ആവർത്തിക്കുകയും പ്രസ്തുത കെട്ടിടം സംബന്ധിച്ച പരാതിക്ക് കാരണം മാമ്പുഴതോട് കൈയേറിയ പരാതിക്കാരനും കെട്ടിട ഉടമസ്ഥയും തമ്മിൽ നിലനിൽക്കുന്ന കൈയ്യേറ്റം സംബന്ധിച്ച തർക്കങ്ങളാണെന്ന് സൂക്ഷ്മാന്വേഷണത്തിൽ അറിയാൻ കഴിഞ്ഞുവെന്നും നിരപരാധിയായ തന്നെ കുറ്റവിമുക്തനാക്കുവാനും അഭ്യർത്ഥിക്കുകയുണ്ടായി.

7. പ്രതിവാദ പത്രിക, ചീഫ് എഞ്ചിനിയറുടെ റിപ്പോർട്ട്, ഔപചാരിക

അന്വേഷണ റിപ്പോർട്ട്, നേരിൽകേട്ട വേളയിലെ വാദങ്ങൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, റിട്ട. ഓവർസിയർ ശ്രീ. അബ്ദുൾ ലത്തീഫ് വി.-യ്ക്കെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 3(a) പ്രകാരം ടിയാളുടെ പ്രതിമാസപെൻഷനിൽ നിന്ന് 1,000/- രൂപ വീതം ഒരു വർഷത്തേയ്ക്ക് തടയുന്നതിന് താത്ക്കാലിക തീരുമാനം കൈക്കൊള്ളുകയും പരാമർശം (8) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി.

**8.** കാരണം കാണിക്കൽ നോട്ടീസിന് റിട്ട. ഓവർസീയർ ശ്രീ. അബ്ദുൾ ലത്തീഫ് വി. ത.സ്വ.ഭ.വ. പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം സമർപ്പിച്ചിട്ടുള്ള പരാമർശം (9) മറുപടിയിൽ, പെൻഷൻ തുകയല്ലാതെ മറ്റു പെൻഷൻ ആനുകല്യങ്ങൾ, ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടെഷൻ എന്നിവ ലഭിച്ചിട്ടില്ലെന്നും മാത്രമല്ല, പ്രസ്തുത നോട്ടീസിന്മേൽ നേരത്തെ നൽകിയതിന് പുറമെ കൂടുതലായി യാതൊരു വിശദീകരണവും നൽകാനില്ലെന്നും ആയതിനാൽ സർക്കാർ എടുത്ത താത്കാലിക തീരുമാനം ഉറപ്പിക്കുവാനും തന്റെ പ്രതിമാസ പെൻഷനിൽ നിന്നും കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 3(a) പ്രകാരം 1,000/- രൂപ വീതം ഒരുവർഷത്തേയ്ക്ക് താത്കാലികമായി തടഞ്ഞത് കുറവ് വരുത്തി ഉറപ്പിച്ച് അച്ചടക്കനടപടി തീർപ്പുകൽപ്പിച്ച് ഉത്തരവുണ്ടാകണമെന്നുമാണ് ടിയാൻ ബോധിപ്പിച്ചിട്ടുള്ളത്.

**9.** കുറ്റാരോപിതന്റെ പ്രതിമാസപെൻഷനിൽ നിന്നും 1,000/- രൂപ ഒരു വർഷത്തേക്ക് തടയുന്നതിന് സർക്കാരിൽ നിന്നുണ്ടായ താൽകാലിക തീരുമാനം ഉറപ്പിക്കാതിരിക്കുവാൻ തക്കതായ കൂടുതൽ കാരണങ്ങൾ ഒന്നുംതന്നെ എതിർവാദപത്രികയിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1,000/- രൂപ ഒരു വർഷത്തേക്ക് തടയുന്നതിനുള്ള സർക്കാരിന്റെ താൽക്കാലിക തീരുമാനം അന്തിമമാക്കാവുന്നതാണെന്നാണ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (11) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

**10.** തുടർന്ന്, റിട്ട. ഓവർസീയർ ശ്രീ. അബ്ദുൾ ലത്തീഫ് വി.-യുടെ പ്രതിമാസ പെൻഷനിൽ നിന്നും 1,000/- രൂപാ വീതം ഒരു വർഷത്തേക്ക് കുറവ് ചെയ്യുക എന്ന താൽക്കാലിക തീരുമാനത്തിന്മേൽ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം തേടുകയും പ്രസ്തുത താൽക്കാലിക തീരുമാനത്തോട് പി.എസ്.സി. യോജിക്കുകയും അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

**11.** മേൽസാഹചര്യത്തിൽ, കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടനിർമ്മാണചട്ടം ലംഘിച്ച് നടക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമികാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, റിട്ട. ഓവർസീയർ ശ്രീ. അബ്ദുൾ ലത്തീഫ് വി. (PEN-677133) ക്കെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 3(a) പ്രകാരം തുടർന്നുവരുന്ന അച്ചടക്കനടപടിയിൽ, ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 1,000/- രൂപ വീതം ഒരു വർഷത്തേക്ക് കുറവ് ചെയ്യുക എന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1. ശ്രീ. അബ്ദുൾ ലത്തീഫ് വി. (PEN-677133), റിട്ട. ഓവർസീയർ, ചാത്തൻകുറ്റിയിൽ ഹൗസ്, മാവൂർ പി.ഒ., കോഴിക്കോട് - 673661 **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന**)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
4. സെക്രട്ടറി, കേരള പബ്ളിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം
5. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ് (അറിവിലേക്കായി)
6. വിജിലൻസ് (ഡി) വകുപ്പ് (25.04.2024-ലെ VIG-D1/64/2024-VIG പ്രകാരം)
7. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
8. സ്റ്റോക്ക് ഫയൽ (EW2/110/2019-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
Date: 25-08-2025 11:12:59